അനുബന്ധം-IV

തിരുത്തിയ ഉത്തരം

[8-7-2010-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 2222-ാം നമ്പർ ചോദ്യത്തിന്റെ 'സി' പിരിവിന് നൽകിയ തിരുത്തിയ ഉത്തരം]

എച്ച്.എം.ടി-ക്ക് ലഭിച്ച ഭൂമി ബ്ലൂസ്റ്റാർ റിയൽറ്റേഴ്സിന് കൈമാറിയ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ എച്ച്.എം.ടി-ക്ക് പൂർണ്ണ അവകാശത്തോടെ നൽകിയ 100 ഏക്കർ ഭൂമിയിൽ 70 ഏക്കർ ഭൂമി ബ്ലൂസ്റ്റാർ റിയൽറ്റേഴ്സിന് കൈമാറുകയുണ്ടായോ ;

(ബി) വ്യവസായ ആവശ്യങ്ങൾക്കല്ലാതെ പ്രസ്തുത ഭൂമിയുടെ കൈമാറ്റം പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കെ ഇവർക്ക് പ്രസ്തുത ഭൂമി കൈമാറാനുണ്ടായ വ്യവസ്ഥകൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ കൈവശപ്പെടുത്തിയ ഭൂമിയുടെ എത്ര ശതമാനം ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി ഉപയോഗിക്കുമെന്നാണ് പ്രസ്തുത പദ്ധതി രേഖയിൽ പറഞ്ഞിട്ടുള്ളത് ;

(ഡി) സർക്കാർ നയരേഖയ്ക്കും ഹൈക്കോടതി വിധിക്കും എതിരായാണോ പ്രസ്തുത പദ്ധതി രേഖ സമർപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ബ്ലൂസ്റ്റാർ റിയൽറ്റേഴ്സിന് ഐ.ടി. വ്യവസായത്തിലുള്ള മുൻപരിചയം എന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) ബ്ലൂസ്റ്റാർ റിയൽറ്റേഴ്സ് കമ്പനി സർക്കാരിന് സമർപ്പിച്ച പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബ്ലൂസ്റ്റാർ റിയൽറ്റേഴ്സ് 70 ഏക്കർ ഭൂമി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എം.ടി-യിൽ നിന്നും വിലയ്ക്ക് വാങ്ങിയതാണ്.

(ബി) ഈ ഭൂമി വ്യാവസായികാവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിന് വിപരീതമായി യാതൊന്നും ചെയ്യാൻ ടി. സ്ഥാപനത്തിന് സാദ്ധ്യമല്ല. ഐ.ടി. അധിഷ്ഠിത വ്യവസായമാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമിയുടെ 70% വ്യവസായ ആവശ്യത്തിനും, 30% അനുബന്ധ കാര്യങ്ങൾക്കും എന്ന് GO(Rt) No. 11542008/ID വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരമാണ് പദ്ധതി ശുപാർശ ചെയ്തിരിക്കുന്നത്.

(ഡി) അല്ല.

(ഇ) എച്ച്.ഡി.ഐ.എല്ലി-ന്റെ ഉടമസ്ഥതയിലുള്ള ഒരു സഹകാര്യ സ്ഥാപനമാണ് ബ്ലൂസ്റ്റാർ റിയൽറ്റേഴ്സ്. അടിസ്ഥാന സൗകര്യവികസന കമ്പനിയായ എച്ച്.ഡി.ഐ.എല്ലിന് അടിസ്ഥാന സൗകര്യ വികസനത്തിന് 30 വർഷത്തെ മുൻപരിചയമുണ്ട്.

(എഫ്) പദ്ധതി രേഖയിന്മേൽ അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly